LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതിക്ക് ചാർജ്ജ് നൽകാതിരുന്ന ഉദ്യോഗസ്ഥന്റെ നടപടി

102 [5658] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം വിട്ടുകൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; തെരഞ്ഞെടുപ്പ് നടന്നത് എന്നായിരുന്നു;

(ബി) ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്ക് ചാർജ്ജ് കൊടുക്കാതിരുന്ന ഉദ്യോഗസ്ഥനോട് കോടതിയിൽ ഹാജരായി കാരണം ബോധിപ്പിക്കാൻ ഹൈക്കോടതി വിധി പ്രസ്താവിക്കുകയുണ്ടായോ; എങ്കിൽ എത്ര തവണ ഹാജരാകേണ്ടി വന്നു;

(സി) യഥാസമയം ചാർജ്ജ് നൽകാതിരുന്ന ഉദ്യോഗസ്ഥന്റെ നടപടിയെക്കുറിച്ച് ഹൈക്കോടതിയിൽ പരാതി വന്നിട്ടുണ്ടായിരുന്നുവോ; ഇത് സംബന്ധമായ കോടതി വിധി വിശദമാക്കാമോ;

(ഡി) ജില്ലാബാങ്ക് ഭരണ സമിതി കേസുമായി ബന്ധപ്പെട്ട പ്രസ്തുത ഉദ്യോഗസ്ഥൻ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം എന്തായിരുന്നു;

(ഇ) തെരഞ്ഞെടുപ്പ് ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥന്റെ ഭാഗത്ത് എന്തെല്ലാം വീഴ്ചകൾ സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം വരണാധികാരി രണ്ട് തവണ കോടതിയിൽ ഹാജരായിട്ടുണ്ട്.

(സി) ഉണ്ട്. റിട്ടേണിംഗ് ഓഫീസർക്കെതിരെയുള്ള കോടതിയലക്ഷ്യക്കേസിൽ 28-7-2003-ന് വിധി പ്രസ്താവിക്കുകയും കോടതിയലക്ഷ്യ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഉത്തരവാകുകയും ഉണ്ടായി.

(ഡി) 25-7-2003-ൽ ഫലപ്രഖ്യാപനം നടത്തുന്നതിന് 18-7-2003-ൽ രജിസ്റ്റേർഡ് തപാലായി എല്ലാ സ്ഥാനാർത്ഥികൾക്കും വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ടെന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും കോടതിയുടെ ഉത്തരവിനെ ധിക്കരിക്കണമെന്ന് യാതൊരു ഉദ്ദേശവും ഇല്ലായിരുന്നുവെന്നും ആണ് സത്യവാങ്മൂലത്തിൽ ഉൾക്കൊള്ളിച്ചിരുന്നത്.

(ഇ) വീഴ്ചകൾ ഉണ്ടായിട്ടില്ല.

പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ്

103 [5659] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: